ഭരണഭാഷ- മാതൃഭാഷ

8/F

# നഗര ഗ്രാമാസൂത്രണ വകുപ്പ്
# മേഖലാ നഗരാസൂത്രണ കാര്യാലയം, എറണാകുളം

## സീനിയർ ടൗൺ പ്ലാനറുടെ നടപടി ഉത്തരവ്
**(ഹാജർ: ശ്രീമതി. ഉഷാകുമാരി പി.ആർ.)**

വിഷയം:- വേങ്ങൂർ ഗ്രാമപഞ്ചായത്ത് – കെട്ടിട നിർമ്മാണം – ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1.മാനേജർ, വിശ്വജ്യോതി ചാരിറ്റബിൾ ട്രസ്റ്റ്, ജ്യോതിസ് ഭവൻ, അങ്കമാലി – യുടെ 29/01/19 ലെ അപേക്ഷ.
2.കെ.പി.ബി.ആർ. 2011.

---

## ഉത്തരവ് നമ്പർ C/312/19 ഡി.ഡിസ്. തീയതി: 20/02/19

---

എറണാകുളം ജില്ല കുന്നത്തുനാട് താലൂക്ക്, വേങ്ങൂർ വില്ലേജ്, ബ്ലോക്ക് നമ്പർ 11 ൽ റീ-സർവ്വേ നമ്പർ 209/7-3, 209/7-2-3, 209/7-5-1, 209/7-1, 209/7-4, 209/10, 209/6, 209/8-2, 209/8-1 എന്നിവയിലുൾപ്പെട്ട 18715 ച.മീ. വിസ്തൃതിയുള്ള വസ്തുവിൽ നിലവിലുള്ള A1 ഉപയോഗഗണത്തിലുള്ള 123.75 ച.മീ. വാസഗൃഹത്തിനോടൊപ്പം നിർമ്മിച്ചിട്ടുള്ള B ഉപയോഗ ഗണത്തിലെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിനും, B ഉപയോഗ ഗണത്തിലെ നിലവിലുള്ള കോളേജ് കെട്ടിടത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ബേസ്മെന്റിന്റെ ക്രമവൽക്കരണത്തിനും (ആകെ 295.75 ച.മീ.), നിലവിലെ കോളേജ് കെട്ടിടത്തിൽ ഒന്നാം നിലയിൽ 1246.06 ച.മീ. കൂട്ടിച്ചേർത്ത് നിർമ്മിക്കുന്നതിനും, ഒരു A2 ഉപയോഗ ഗണത്തിലെ ഹോസ്റ്റൽ കെട്ടിടം 3989.95 ച.മീ. വിസ്തൃതിയിൽ നിർമ്മിക്കുന്നതിനുമാണ് അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്. നിലവിലെ 3623.16 ച.മീ. വിസ്തൃതിയുള്ള കെട്ടിടങ്ങളോട് ചേർത്ത് 295.75 ച.മീ. നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും, 1246.06 ച.മീ. ചേർത്ത് നിർമ്മിക്കുന്നതിനും, 3989.95 ച.മീ. പുതിയതായും ആകെ 9154.92 ച.മീ. നിർമ്മിക്കുന്നതിനുമാണ് മാനേജർ, വിശ്വജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ന്യൂനതകൾ പരിഹരിച്ച് സമർപ്പിച്ച പ്രസ്തുത അപേക്ഷയും അനുബന്ധങ്ങളും പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെ.പി.ബി.ആർ.2011 ചട്ടം 56(2) പ്രകാരം പ്രസ്തുത നിർമ്മാണത്തിന് ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ.**

1. കെ.പി.ബി.ആർ.-2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ.-2011 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
3. ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. നേടിയിരിക്കണം.
5. a)ഖര മാലിന്യസംസ്കരണം/ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.

   b)ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, കെ.പി.ബി.ആർ.2011 ചട്ടം 55(5A),(5B), 56(8),(9) എന്നിവ പ്രകാരമുള്ള Liquid waste Management Treatment Plant ഉം, ടി കെട്ടിടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന Waste water, recycle ചെയ്ത് reuse ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പു വരുത്തണം.
6. പാർക്കിംഗ്, ടൂ-വീലർ പാർക്കിംഗ് ഉൾപ്പെടെ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും ആയത് വാഹനങ്ങൾ സുഗമമായി തിരിക്കുന്നതിനുള്ള സൗകര്യത്തോട് കൂടിയതാണ് എന്നും പാർക്കിംഗിനുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
7. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക്/ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലറുകൾ, KLU order 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
8. Sewage treatment plant ന് ചട്ടം 61(3) പ്രകാരം ആവശ്യമായ തുറസ്സായ സ്ഥലം ലഭ്യമാണ് എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

മേൽ അംഗീകാരം കെട്ടിട നിർമ്മാണം/ ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതിയല്ല. കെ.പി.ബി.ആർ.2011 പ്രകാരം സെക്രട്ടറി അപേക്ഷയിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിക്കായി പരിഗണിക്കാവൂ.

അംഗീകരിച്ച ലേ ഔട്ട് നമ്പർ:7/19

ഉഷാകുമാരി പി.ആർ.
**സീനിയർ ടൗൺ പ്ലാനർ.**

സ്വീകർത്താവ്
മാനേജർ,
വിശ്വജ്യോതി ചാരിറ്റബിൾ ട്രസ്റ്റ്,
ജ്യോതിസ് ഭവൻ, അങ്കമാലി.
(സാക്ഷ്യപ്പെടുത്തിയ പ്ലാൻ സഹിതം)

പകർപ്പ്:
1) സെക്രട്ടറി,
വേങ്ങൂർ ഗ്രാമപഞ്ചായത്ത്.
2) സ്റ്റോക്ക് ഫയൽ
3) ഓഫീസ് കോപ്പി